ഇറക്കിവിടുന്നതിൽനിന്നും അവർക്ക് സംരക്ഷണം കൊടുക്കുന്നതിന് അടിയന്തിരമായ നടപടി സ്വീകരിക്കണമെന്ന്.

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ): അവിടെ ഭയങ്കരമായ അന്തരീക്ഷം നിലനിൽക്കുന്നുവെന്ന ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. അവർ എന്തെങ്കിലും വിധത്തിൽ മർദ്ദനം നടത്തുന്നുണ്ടെങ്കിൽ അതു സംബന്ധിച്ചു പോലീസിൽ വിവരം നൽകണം. അതു വളരെ കാര്യമായി പരിഗണിക്കാനും പോലീസുകാർക്കു നിഷ്പക്ഷമായി പ്രവർത്തിക്കുവാനും നിർദ്ദേശം കൊടുക്കുകയും ചെയ്യാം.

ശ്രീ. പി. രാമുണ്ണി: ആവശ്യപ്പെട്ടുകഴിഞ്ഞാലും പോലീസ് യാതൊന്നും ചെയ്യുന്നില്ല.

IV. REPORT OF THE BUSINESS ADVISORY COMMITTEE

Shri T. K. Divakaran: I beg to present the Thi.d report of the Business Advisory Committee.

Mr. Speaker: The report is presented.

Shri T. K. Divakaran: I move that the Third Report of the Committee be adopted.

Chief Minister (**Shri C. Achutha Menon**): I second it.

The motion was put and carried. The report was adopted.

REPORT OF THE PUBLIC ACCOUNTS COMMITTEE

Shri K. Karunakaran; I Chairman, Committee on Public Accounts beg to present the first report of the Committee in 1969-1970.

Mr. Speaker: The report is presented.

V. PRESENTATION OF PETITION

Shri P. P. George: I beg to present a petition signed by Shri P. K. Ittoop, President and Shri Sankaran Embrandiri, Secretary, Chalakudy Taluk Roopikarana Committee requesting the government for the formation of the Chalakudy Taluk.

Mr. Speaker: The petition is referred to the Committee on Petitions

VI. LEGISLATIVE BUSINESS

Madras Preservation of Private Forests (Amendment) Bill 1970

Industries Minister (**Shri P. Ravindran**): Sir, I beg to introduce the the Madras Preservation of Private Forests (Amendment) Bill 1970. I also lay on the table the statement showing the circumstances necessitating the promulgation of the Ordinance.

Mr. Speaker: The Bill stands introduced.

Shri P. Ravindran: I move that the Bill be taken into consideration.

Transport Minister (**Shri K. M. George**): I second it.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ): സർ, മദ്രാസ് എം. പി. പി. എഫ് ആക്ടിന്റെ കാലാവധി 31-12-1969-ൽ അവസാനിക്കുകയുണ്ടായി. അതിന്റെ കാലാവധി നീട്ടണമെന്നാണ് ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇപ്പോഴും നിയമസഭയുടെ മുമ്പിൽ പ്രൈവറ്റ് ഫാമസ്റ്റ് അകപിസിഷൻ ബിൽ നിലവിലുണ്ട്. ആ ബിൽ സെലക്ടുകമ്മിറ്റിയുടെ പരിഗണനയിൽ ഇരിക്കുകയാണ്. അതു നിയമമാകുന്നതുവരെ എം. പി. പി. എഫ്. ആക്ടിന്റെ കാലാവധി നീട്ടേണ്ടത് ഒരു ആവശ്യമായിവന്നു. ഡിസംബർ 31---ാം തീയതി ഇതിന്റെ കാലാവധി അവസാനിക്കുകയും നിയമസഭകൂടി നീട്ടുന്നതിനു സാധിക്കാതെവന്നതുകൊണ്ടാണ് ഇതൊരു ഓർഡിനൻസ് രൂപത്തിൽ കൊണ്ടുവന്നത്. ആ ഓർഡിനൻസ് റീപ്പേസ് ചെയ്യുന്നതിനും ബിൽ ഇപ്പോഴും ഈ സഭയിൽ അവതരിപ്പിച്ചിരിക്കുകയാണ്. അടുത്ത ഒരു വർഷത്തേക്കുകൂടി എം. പി. പി. എഫ് ആക്ടിന്റെ കാലാവധി നീട്ടുന്ന നിയമനിർമ്മാണമാണ് ഇത്. ഇതു പാസാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

ശ്രീ. ജി. ഗോപിനാഥൻപിള്ള: സർ, ഈ മദ്രാസ് എം. പി. പി. എഫ്. ആക്ട് ഓർഡിനൻസായിട്ട് പ്രസിദ്ധീകരിച്ച വസ്തുതയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞുകഴിഞ്ഞു. അതിന്റെ കാലാവധി ഡിസംബർ 31-ാം തീയതി അവസാനിച്ചതുകൊണ്ട് സ്വാഭാവികമായിട്ടും ഒരു വർഷത്തെ കാലാവധികൂടി നീട്ടിയതാണ്. അതോടൊപ്പം പ്രിസർവേഷൻ ഓഫ് ഫാമസ്റ്റ് എക്സ്റ്റൻഡ് ചെയ്ത വസ്തുതകൂടി ചൂണ്ടിക്കാണിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. തുണ്ടുതുണ്ടായിട്ട് മലബാർ ഭാഗത്തു വനനശീകരണം നടക്കുകയാണ്. വനം നശിപ്പിക്കുന്ന രീതിയെ നിരുൽസാഹപ്പെടുത്തേണ്ടതു ഗവൺമെന്റിന്റെ കടമയാണ്. മദ്രാസ് ഫാമസ്റ്റ് ആക്റ്റുമൂലം മലബാർ ഭാഗത്തു വേണ്ട നടപടി സ്വീകരിച്ചിട്ടില്ലെന്നുപറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. തുണ്ടുതുണ്ടായിട്ട് പ്രൈവറ്റ് ഫാമസ്റ്റ് നശിപ്പിക്കാത്ത രീതിയിൽ ഗവൺമെന്റ് സത്വരമായ നടപടി നടത്തി; ഇനിയെങ്കിലുമുള്ള ഫാമസ്റ്റ് പ്രിസർവ് ചെയ്യുന്നതിനുവേണ്ടിയുള്ള കരുതൽ നടപടിയെക്കുറിച്ച് ഗവൺമെന്റ് സത്വരമായി ആലോചിക്കണം. ഈ രാജ്യത്ത് ഇങ്ങനെ വനം കൈയേറ്റം നടന്നുവരുന്ന സാഹചര്യം സൃഷ്ടിക്കാതിരിക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കണം. മലബാർ പ്രൈവറ്റ് ഫാമസ്റ്റ് നശിക്കാത്തവണ്ണം സത്വര നടപടി എടുത്തേ തീരൂ. സെലക്ടുകമ്മിറ്റിക്ക് അയയ്ക്കണമെന്നു ഞാൻ അയച്ച ഭേദഗതി, സത്വരമായ നടപടി ഗവൺമെന്റ് കൈക്കൊള്ളുമെന്നുള്ള വിശ്വാസത്തിൽ ഞാൻ അവതരിപ്പിക്കുന്നില്ല.

Shri T. K. Krishnan: Sir, I move that the Bill be referred to Select Committee.

കേരളപ്പിറവിക്കുശേഷം 14 വർഷം കഴിഞ്ഞിട്ടും നമുക്ക് ഒരു മദ്യരാശി നിയമത്തെ ആശ്രയിക്കേണ്ടിവന്നത് വളരെ ഖേദകരമാണ്. ഇപ്പോഴും ഒരു ബിൽ ഇതു സംബന്ധിച്ച് ആലോചനയിൽ ഉണ്ടെന്നുള്ളത് ആശ്വാസകരമാണെങ്കിലും ആ ബിൽ വളരെവേഗം പാസ്സാക്കാൻ സാധിക്കുമോയെന്ന് എനിക്കു സന്ദേഹമുണ്ട്. ഇത് ഒരു കൊല്ലത്തേക്ക് നീട്ടണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഈ കഴിഞ്ഞ കാലത്തെ അനുഭവത്തിന്റെ വെളിച്ചത്തിൽ ഇത് ഒരു കൊല്ലം മാത്രംവച്ചാൽ ഇനിയും ഒരു ഓർഡിനൻസുകൂടി ഉണ്ടാക്കാൻ ആണോ എന്ന് എനിക്കു സംശയമുണ്ട്. ഇന്ന് ഈ കാട് നശിപ്പിക്കുകയെന്നുള്ളത് ഒരു പരിപാടിയായി അംഗീകരിച്ചിരിക്കുകയാണ്. കാട് നശീകരണത്തെ സംബന്ധിച്ചു നിയമങ്ങൾ പാസ്സാക്കുന്ന ഈ അവസരത്തിൽ വനം സംരക്ഷണത്തെ സംബന്ധിച്ചുള്ള കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഈ

LIBRARY ARCHIVES Kerala Legislative Assembly

അവസരത്തിൽ വനനശീകരണം വളരെയധികം പ്രൈവറ്റ് ഫാറസ്റ്റുകളിൽ നടന്നുകൊണ്ടിരിക്കുകയാണ്. സോഷ്യലിസത്തെക്കുറിച്ചുള്ള പ്രസംഗം നടക്കുമ്പോഴും ടാറായും ബിർളായും വളരുന്നതുപോലെ വനനശീകരണത്തെക്കുറിച്ചുള്ള പ്രസംഗങ്ങളും ചർച്ചയും നടക്കുമ്പോഴും വനനശീകരണം ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഇത് ഒരു വിരോധാഭാസമാണ്. മദ്രാസ് ആക്ടിന്റെ തണലിൽ നിന്നുകൊണ്ട് കുറച്ച് ഏക്കർ ക്ലീയർ ചെയ്തിട്ടുണ്ട്. ആ പാരമ്പര്യത്തിന്റെ തണലിൽ നിന്നുകൊണ്ട് ആയിരക്കണക്കിനു് ഏക്കർ ക്ലീയർ ചെയ്യുന്ന ഏർപ്പാടും നമ്മുടെ സംസ്ഥാനത്തുണ്ട്. നിലമ്പൂരിൽ 182 ഏക്കർ എന്നു പറഞ്ഞിട്ട് 700 ലധികം ഏക്കർ ക്ലീയർ ചെയ്ത എന്നു പരാതി ഉണ്ടായിട്ടുണ്ട്. പല സ്ഥലത്തും കാട് എന്നു പേരു മാത്രമെയുള്ളു. കൃഷിസ്ഥലങ്ങളായി തീർന്നിരിക്കുകയാണ്. ഏതായാലും ഈ ആക്ട് ഒരു കൊല്ലത്തിനു പകരം രണ്ടു കൊല്ലക്കാലമെന്ന് എക്സ്റ്റൻറ് ചെയ്യുകയായിരിക്കും ഇനിയും ഓർഡിനൻസ് ഒഴിവാക്കുന്നതിന് നല്ല പ്രവർത്തി എന്ന് എനിക്കു തോന്നുന്നു. ഇത് സെലക്ടു കമ്മിറ്റിക്കു വിടണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു.

ശ്രീ. കെ. ടി. ജോർജ്: ഞാൻ ഭേദഗതിയെ അനുകൂലിക്കുന്നു. സർ, ഈ ബിൽ മുഖ്യമായും കൊണ്ടുവന്നിട്ടുള്ളത്, മലബാറിലെ സ്വകാര്യവനങ്ങളെ ഇൻഡിസ്ക്രിമിനേറ്റായി നശിപ്പിച്ചുകൊണ്ടിരിക്കുന്നതിനെ തടയുക എന്നുള്ള ലക്ഷ്യം മുന്നിൽ വച്ചുകൊണ്ടാണ്. ബഹുമാനപ്പെട്ട ടി. കെ. കൃഷ്ണൻ ഇവിടെ സംസാരിച്ച അവസരത്തിൽ ഇവിടെയുള്ള ഈ വനംനശീകരണപ്രവണത ഇല്ലാതാക്കേണ്ടതു പലകാരണങ്ങൾകൊണ്ടും അത്യന്താപേക്ഷിതമാണെന്നു പറഞ്ഞതോടൊപ്പം, ഇങ്ങനെ ഒരു കൊല്ലത്തെ കാലാവധി നീട്ടുന്നതിനുള്ള ബിൽ പോരാ എന്നും രണ്ടുകൊല്ലം കാലാവധി നീട്ടണമെന്നും പറഞ്ഞതിന് എന്ത് അർത്ഥമാണുള്ളതെന്ന് എനിക്കു മനസ്സിലാകുന്നില്ല. സർ, അങ്ങനെ നീട്ടാൻ പാടില്ലെന്നുമാത്രമല്ല, ഒരു കൊല്ലം കൂടി ഇങ്ങനെ നീട്ടുന്നതുതന്നെ വളരെക്കൂടുതലാണെന്നും അതുകൊണ്ടുതന്നെ ദേശസാൽക്കരണം നടപ്പിലാക്കുന്നതിന് അത് തടസ്സമായിത്തീരുമെന്നും ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. വളരെ നേരത്തെത്തന്നെ സ്വകാര്യവനങ്ങൾ ദേശസാൽക്കരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കേണ്ടതാണ് എന്നാണ് എന്റെ അഭിപ്രായം. അതു ചെയ്യാൻ ഇവിടെ ഭരണം നടത്തിയ കഴിഞ്ഞ ഗവൺമെൻറിനു കഴിയാതെപോയി. വളരെക്കാലം സെലക്ടുകമ്മിറ്റിയുടെ ചർച്ചയും പര്യടനങ്ങളുമായി കഴിഞ്ഞുപോയതുകൊണ്ട് അതു നടപ്പിലാക്കാൻ മറന്നുപോയി എന്നുള്ളതാണ് സത്യം. വളരെയധികം അംഗങ്ങളുള്ള സെലക്ടുകമ്മിറ്റികൾ രൂപീകരിക്കുന്നത് ആ ഗവൺമെൻറിന്റെ ഒരു നടപടിയായിരുന്നു.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സർ, സെലക്ടുകമ്മിറ്റി രൂപീകരിക്കുന്നതും സെലക്ടുകമ്മിറ്റി വളരെയധികം സ്ഥലങ്ങൾ സന്ദർശിച്ചാൽ അതും ഗവൺമെൻറിന്റെ നടപടിയായി പറയുന്നതു ശരിയാണോ?

മി. സ്പീക്കർ: അല്ല. സെലക്ടുകമ്മിറ്റി രൂപീകരിക്കുന്നത് സഭയാണ്.

ശ്രീ. കെ. ടി. ജോർജ്: സെലക്ടുകമ്മിറ്റിയിൽ വളരെക്കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തിയത് ഗവൺമെൻറുനടപടിയായി കണക്കാക്കാമോ?

മി. സ്പീക്കർ: പാടില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സെലക്ടുകമ്മിറ്റിയിൽ അംഗങ്ങളെ നിശ്ചയിക്കുന്നതു സഭയല്ലേ സർ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: കൂടുതൽ അംഗങ്ങളെ ഗവൺമെന്റു ചേർക്കുകയാണെങ്കിൽ തിരസ്ക്കരിക്കാനുള്ള അധികാരം സഭയ്ക്കുണ്ട്. ഈ സഭയാണ് പരമാധികാരസഭ.

ശ്രീ. കെ. ടി. ജോർജ്: സഭയുടെ നടപടികളെ വിമർശനവിധേയമാക്കിക്കൂടേ?

മി. സ്പീക്കർ: സഭ ഏകകണ്ഠമായി തീരുമാനിച്ച കാര്യം വിമർശനവിധേയമാക്കുന്നതെങ്ങനെയാണ്? പറഞ്ഞിട്ടെന്തു ഫലം?

ശ്രീ. കെ. ടി. ജോർജ്: മേലാൽ ഉണ്ടാകാതിരിക്കാനാണ് പറയുന്നത്. നാൽപത്തിനാലംഗങ്ങളുള്ള കമ്മിറ്റിയാണ് ഉണ്ടാക്കിയിരുന്നത്.

ശ്രീമതി. കെ. ആർ. ഗൗരി: സർ, ഇങ്ങനെ പറയുന്നത് സഭയെ തെറ്റിദ്ധരിപ്പിക്കാനാണ്. എടുത്തിരുന്ന ആളുകളം പോരെന്നു പറഞ്ഞുകൊണ്ട് ശ്രീ. കെ. ടി. ജോർജിന്റെ പാർട്ടി രണ്ടാമതു റെക്കമെന്റു ചെയ്തതാണ്.

ശ്രീ. കെ. ടി. ജോർജ്: സർ, ഞാനിതു നിഷേധിക്കുകയാണ്.

ശ്രീമതി. കെ. ആർ. ഗൗരി.: ഇന്നയാളിനെ കൂടിഎടുക്കണമെന്നു—ശ്രീ ഗോപാലകൃഷ്ണൻനായരെക്കൂടി എടുക്കണമെന്നു—പറഞ്ഞുകൊണ്ട് എഴുത്തെഴുതി തന്നിട്ടുണ്ട്.

ശ്രീ. കെ. കരുണാകരൻ: സർ, ഗോപാലകൃഷ്ണൻനായരെ ഉൾപ്പെടുത്തണമെന്ന് ഒരു പാർട്ടിലീഡർ ആവശ്യപ്പെട്ടതു തെറ്റാണോ?

ശ്രീമതി. കെ. ആർ. ഗൗരി: ഒൻപതു പേരുള്ളതിൽ രണ്ടുപേരെ എടുത്തൊഴിഞ്ഞശേഷം, ആവശ്യപ്പെട്ടതനുസരിച്ച്, ഒൻപതു പേരുള്ളതിൽ മൂന്നു പേരെ എടുത്തു. പിന്നെ മാറിനിന്നു പറയുന്നതുകൊണ്ട് ഞാൻ പറയുകയാണ്.

മി. സ്പീക്കർ: ആരെ എടുക്കണമെന്നു പറഞ്ഞാൽ അതിൽ തെറ്റൊന്നുമില്ല.

ശ്രീ. കെ. ടി. ജോർജ്: വളരെക്കൂടുതൽ കാലം സെലക്ടുകമ്മിറ്റിയിൽ ഈവക കാര്യങ്ങളെക്കുറിച്ചു ചർച്ചകളം നടക്കുന്നതുകൊണ്ടാണ് സമയത്ത് നിയമങ്ങളം നടപ്പിലാക്കാൻസാധിക്കാതെ പോകുന്നത് എന്നു ചൂണ്ടിക്കാണിക്കാനാണ് ഞാനിതു പറഞ്ഞത്.

ശ്രീ. ജോസഫ് ചാഴിക്കാട്: അവർ ഏതെല്ലാം രാജ്യങ്ങളിൽ സഞ്ചരിച്ചു എന്ന് അറിയാമോ?

മി. സ്പീക്കർ: അതിനു മറുപടി പറയണമെന്നില്ല.

ശ്രീ. കെ. ടി. ജോർജ്: മലബാറിലുള്ള എല്ലാ വനങ്ങളിലും കേറിയിറങ്ങി സർ.

അങ്ങനെ താമസിക്കുന്നതുകൊണ്ട് വേണ്ട സമയത്ത് നിയമം നടപ്പിലാക്കാൻ സാധിക്കുന്നില്ലെന്നു മാത്രമല്ല, ആ നിയമത്തെ മറികടന്ന് ഇപ്പോഴത്തെ രീതിയിൽ കാര്യങ്ങളം നടത്താൻ ബന്ധപ്പെട്ട കക്ഷികൾക്ക് അവസരമുണ്ടാക്കികൊടുക്കുകയുംചെയ്തു എന്നുള്ളതാണ് സത്യം. ഭൂനിയമത്തെസംബന്ധിച്ചിടത്തോളം വേണ്ട സമയത്ത്, പരിധിയെസംബന്ധിച്ച നിയമം നടപ്പിലാക്കാൻ കഴിയാത്ത

LIBRARY ARCHIVES Kerala Legislative Assembly

തുകൊണ്ട്, നിയമം നടപ്പിൽവരുന്ന സമയത്ത് എല്ലാവരും പരിധിക്കപ്പുറം ഭൂമിയില്ലാത്തവരായി മാറി. അങ്ങനെയുള്ള പഴുതുകൾ അല്ലാത്തരീതിയിൽ വേണം നിയമനിർമ്മാണം.

ബിൽ സെലക്ടുകമ്മിറ്റിയുടെ ചർച്ചയ്ക്കു വിധേയമായിരുന്ന അവസരത്തിലും തെളിവെടുപ്പിന്റെ അവസരത്തിലും പൊതുവേ പലഭാഗങ്ങളിൽനിന്നും ക്ളിയർഫെല്ലിംഗിനു സർട്ടിഫിക്കറ്റുകൊടുക്കുന്നതിനെപ്പറ്റി പരാതിയുണ്ടായി.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഒരു ചോദ്യം.

ശ്രീ. കെ. ടി. ജോർജ്: ക്ളിയർഫെല്ലിംഗ് സർട്ടിഫിക്കറ് എന്നു കേൾക്കുന്നമാത്രയിൽ ഇന്ന് കളക്ടർമാർ അനുവദിച്ചുകൊടുത്തുകൊണ്ടിരിക്കുകയാണ്. ഈ കാലാവധി ഒരുകൊല്ലത്തേക്കുകൂടി നീട്ടുന്നതോടുകൂടി എന്തുമാത്രം ക്ളിയർഫെല്ലിംഗ് സർട്ടിഫിക്കറ്റാണ് കൊടുക്കുന്നെന്നുള്ളതിന്റെ കണക്ക് എടുത്താലറിയാം. ഒരുകൊല്ലം കഴിയുമ്പോൾ പ്രൊവിഡ് ഫോറസ്റ്റ് ഒന്നും എടുക്കേണ്ടിവരികയില്ല. എം. പി. പി. എഫ്. ആക്ടിന്റെ കാലദൈർഘ്യം ഒരുകൊല്ലത്തേക്കു നീട്ടുന്നതുകൊണ്ടൊന്നും കാര്യമില്ല. ക്ളിയർഫെല്ലിംഗ് തടയുന്നതിനു നടപടിസ്വീകരിച്ചില്ലെങ്കിൽ വനം ദേശസാൽക്കരണനിയമം ഭാവിയിൽ കൊണ്ടുവന്നതുകൊണ്ട് പ്രയോജനമില്ല. അതുകൊണ്ട് ക്ളിയർഫെല്ലിംഗ് തടയുന്നതിന് ഒരു ആർഡിനൻസ് പുറപ്പെടുവിക്കാൻകഴിയുമോ എന്നുള്ളതായിരിക്കണം മുഖ്യമായ ചിന്താവിഷയം. ഉടൻതന്നെ ക്ളിയർഫെല്ലിംഗ് തടഞ്ഞില്ലെങ്കിൽ വനം ദേശസാൽക്കരണം നടപ്പാക്കാൻസാധിക്കുകയില്ല, അതുകൊണ്ട് ക്ളിയർഫെല്ലിംഗ് തടയണം.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: കാടു വെട്ടിത്തെളിച്ചാലും ആ ഭൂമി അവിടെ കിടക്കുകയില്ലേ?

ശ്രീ. കെ. ടി. ജോർജ്: ഈ നിയമത്തിന്റെ കാലാവധി ഒരുകൊല്ലം ദീർഘിപ്പിക്കുന്നതുതന്നെ അൽപം കൂടുതലായിപ്പോയി; ഇനിയും ദീർഘിപ്പിച്ചാൽ വനംദേശസാൽക്കരണം നടപ്പിലാക്കാൻസാധിക്കുകയില്ല; ക്ളിയർഫെല്ലിംഗിന് അത്രയും കാലം കൊടുത്തതുപോലെ സർട്ടിഫിക്കറ്റു കൊടുക്കരുത് എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പി. രവീന്ദ്രൻ: സർ, ഈ ബിൽ സെലക്ടുകമ്മിറ്റിക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ഇവിടെ പരാമർശിച്ച എല്ലാ കാര്യങ്ങളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രൊവിഡ് ഫോറസ്റ്റ് അകവിസിഷൻ ബിൽ നിയമസഭയുടെ പരിഗണനയിലിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം ഒരു പ്രാവശ്യം സെലക്ടുകമ്മിറ്റിയുടെ യോഗം കൂടുകയുണ്ടായി. രണ്ടാഴ്ചകൊണ്ട് സെലക്ടുകമ്മിറ്റിയുടെ പരിശോധന പൂർത്തിയാക്കുകയും സെലക്റ്റ് കമ്മിറ്റിറിപ്പോർട്ടിന് അവസാനരൂപംനൽകുകയും ചെയ്യണമെന്നായിരുന്നു ആഗ്രഹിച്ചത്. അന്ന് ശ്രീ. കെ. ടി. ജോർജ് സെലക്ടുകമ്മിറ്റിയോഗത്തിൽ ഉണ്ടായിരുന്നില്ല. അന്ന് സെലക്ടുകമ്മിറ്റിയിൽ പൊതുവേ ഉണ്ടായ അഭിപ്രായം ചില കാര്യങ്ങളെസംബന്ധിച്ച് ആലോചിക്കാൻ സാവകാശം വേണം, അടുത്ത സെലക്ട് കമ്മിറ്റിയോഗത്തിൽ റിപ്പോർട്ട് പൂർത്തിയാക്കാം എന്നായിരുന്നു. ആ അഭിപ്രായഗതിയെ മാനിച്ചാണ് കൂടുതൽ ചർച്ച നടത്താതെ സെലക്റ്റുകമ്മിറ്റിയോഗം പിരിഞ്ഞത്. പിന്നെ സെലക്ടുകമ്മിറ്റി കൂടിയില്ല. വളരെ താമസിയാതെ സെലക്റ്റുകമ്മിറ്റിയുടെ പരിഗണന പൂർത്തിയാക്കാൻ കഴിയും; അതിന്റെ റിപ്പോർട്ട് വളരെവേഗം സമർപ്പിക്കാനും കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

ഒരുകൊല്ലക്കാലംകൂടി എം. പി. പി. എഫ് ആക്ടിന്റെ കാലാവധി ദീർഘിപ്പിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. ശ്രീ. ടി. കെ. കൃഷ്ണൻ ആശങ്ക പ്രകടിപ്പിച്ചു, വീണ്ടും നീട്ടേണ്ടിവരും എന്ന്. ഇനിയും നിയമത്തിന്റെ കാലാവധി നീട്ടേണ്ടിവരികയില്ല, അതിനുമുൻപ് പുതിയ ബിൽ നിയമമാക്കാൻകഴിയും എന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

സ്വകാര്യവനങ്ങൾ കൈയ്യേറുന്നതും അനധികൃതമായി വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതും തടയുന്നതിന് ഇന്ന് എം. പി. പി. എഫ് ആക്ടിലെ അധികാരമുപയോഗിച്ച് നടപടികൾ എടുക്കുന്നുണ്ട്. ആ ആക്ടിൽ പറഞ്ഞിട്ടുള്ള നടപടികൾ സ്വീകരിക്കാൻ കളക്ടർക്ക് അധികാരമുണ്ട്. ചെയ്യാനുള്ളതു ചെയ്യുന്നുവെന്നല്ലാതെ, അനധികൃതമായ യാതൊരു നടപടിയും ഗവൺമെന്റു ഭാഗത്തുനിന്ന് ഉണ്ടാകുകയില്ല. കളക്ടർ അനുവാദം നിഷേധിച്ചിട്ടുള്ള ഒന്നിലും ഗവൺമെന്റ് ഇടപെടുകയോ അന്യായമായ ഉത്തരവുകൾ നൽകുകയോ ചെയ്തിട്ടില്ല.

കഴിയുന്നതുംവേഗം പ്രൈവറ്റ് ഫോറസ്റ്റ് അക്വിസിഷൻ ബിൽ നിയമമാക്കണമെന്നാണ് ഗവൺമെന്റുദ്ദേശിക്കുന്നത്. കഴിയുന്നതും വേഗം ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിനു ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

The Amendment moved by Shri T. K. Krishnan was, by leave, withdrawn.

The question that the Madras Preservation of Private Forests (Amendment) Bill, 1970 be taken into consideration, was put and carried.

The Bill was taken into consideration.

Clauses 2 and 3

The question that Clauses 2 and 3 stand part of the Bill was put and carried.

Clauses 2 and 3 were added to the Bill.

Clause 1, Preamble and Title

The question that Clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

Shri P. Ravindran: Sir, I move that the Bill be finally passed.

Shri C. H. Mohammed Koya: Sir, I second it.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഈ ബില്ലിനെപ്പറ്റിസംസാരിക്കുമ്പോൾ അവസരത്തിലും അനവസരത്തിലും എല്ലാം കഴിഞ്ഞകാലത്തെ കഥകൾ ഉള്ളതും ഇല്ലാത്തതുമായ പല സംഭവങ്ങൾ ഇവിടെ പറഞ്ഞുകേട്ടു. ഉദാഹരണമായി ശ്രീ. കെ. ടി. ജോർജ് സംസാരിച്ചപ്പോൾ ആ ബിൽ പാസാക്കാത്തത് മുമ്പു ഇവിടെയിരുന്ന ഗവൺമെന്റിന്റെ അനാസ്ഥകൊണ്ടാണെന്ന് പറയുകയുണ്ടായി. മാത്രമല്ല മുമ്പ് ഇവിടെയിരുന്ന ഗവൺമെന്റു ഇത് പാസാക്കുന്നതിന് യാതൊന്നുംതന്നെ ചെയ്തിട്ടില്ലെന്നും പറയുകയുണ്ടായി. നാൽപത്തിയൊന്നു അംഗങ്ങളുള്ള സെലക്ടുകമ്മിറ്റി ഉണ്ടാക്കി കാർഷിക പരിഷ്ക്കരണനിയമം പാസാക്കാതിരിക്കാൻ ശ്രമിച്ചു എന്നു പറയുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

അതിൽ ശ്രീ. കെ. ടി. ജോർജും അംഗമായിരുന്നു. അന്ന് അതിനെപ്പറ്റി ചർച്ച ചെയ്യുമ്പോഴും വാസ്തവത്തിൽ ഒന്നും തന്നെ പറഞ്ഞിരുന്നില്ല. അങ്ങിനെ തെറ്റിദ്ധരിപ്പിക്കത്തക്കവിധത്തിൽ നിയമസഭയിൽ വന്നുനിന്ന് വർത്തമാനം പറയുമ്പോഴും പഴയകഥകളും മറന്നുപോകുകയും പറഞ്ഞത് പറയാതിരിക്കുകയും പറയാത്തത് പറയുകയും ചെയ്യുന്നത്ശരിയാണോ? കാർഷികപരിഷ്കരണനിയമം പാസാക്കിയത് ചർച്ച ചെയ്തത് ശ്രീ. കെ. ടി. ജോർജ് അടക്കമുള്ള കമ്മിറ്റിയിൽ വച്ചായിരുന്നു. അന്ന് കമ്മിറ്റിയിൽ വന്നിട്ട് ഇക്കാര്യം മിണ്ടാത്ത ആളാണ് പോരെങ്കിൽ കമ്മിറ്റി finalise ചെയ്തതിനുശേഷവും ശ്രീ. ഗോപാലകൃഷ്ണൻനായരെ ആ കമ്മിറ്റിയിലെടുക്കണമെന്നു കരുണാകരനാണ് നിർബന്ധിച്ചത്. ഓരോ പാർട്ടിക്കും ആളു കൂടുതലായാൽ കമ്മിറ്റിയിലും ആളു കൂടും—അല്ലാതെ മാർഗ്ഗമില്ലല്ലോ.

ശ്രീ. കെ. ടി. ജോർജ്: ബിൽ ഇവിടെ അവതരിപ്പിച്ച് ഫൈനലായിട്ടു പാസാക്കിയതിനുശേഷം കേന്ദ്രഗവൺമെന്റിന്റെ അനുവാദം മതിയല്ലോ. ആ അനുവാദം ഇവിടെനിന്ന് ബില്ല് പാസാക്കി അയച്ച് ഏതാനും ദിവസത്തിനകം തന്നെ കിട്ടിയല്ലോ?

ശ്രീമതി കെ. ആർ. ഗൗരി: നിങ്ങൾക്കറിയാവുന്നതുപോലെ ചില കാര്യങ്ങൾ എനിക്കും അറിയാം. ആർട്ടിക്കിൾ 31 പ്രകാരം പ്രസിഡന്റിന്റെ അനുവാദം ആവശ്യമുള്ള നിയമങ്ങൾ നിയമസഭയിൽ അവതരിപ്പിക്കാൻ കേന്ദ്രഗവൺമെന്റിന്റെ അനുമതി വേണമെന്നുള്ള ഒരു സർക്കുലർ ഉണ്ട്. അതനുസരിച്ച് ബില്ലവതരിപ്പിക്കുന്നതിനുള്ള അനുവാദത്തിനുവേണ്ടി അപേക്ഷിച്ചാൽ അനുമതിതരാൻ താമസിക്കുന്നത് ഗവൺമെന്റിന്റെ കുറ്റമോ കേന്ദ്രകാൺഗ്രസ് ഗവൺമെന്റ് അനുമതി തരാൻ ഉണ്ടായ കാലതാമസമോ എന്താണ് എന്ന് ശ്രീ. കെ. ടി. ജോർജ് അന്വേഷിച്ചോ—1959 ജൂൺ 30-ാം തീയതി പാസ്സാക്കി ഇവിടെ നിന്നും അയച്ച കാർഷിക ബന്ധബില്ല് ഒരു കൊല്ലം വെളിച്ചം കണ്ടില്ല. തിരക്കിയോ? കാണുകയില്ല. കാർഷികപരിഷ്കരണ നിയമം 1968 ഓഗസ്റ്റു 14-ാം തീയതി അയച്ചതാണ്. ഓഗസ്റ്റു പതിനാലാം തീയതി അയച്ചുകഴിഞ്ഞതിനുശേഷം 1969 ഏപ്രിൽ 10-ാംതീയതിയാണ് ''ഞങ്ങളുടെ അഭിപ്രായം ഈ നാട്ടിൽ കശുവണ്ടിതോട്ടങ്ങളെ സംബന്ധിച്ച് പരിധി ഏർപ്പെടുത്തരുത്, ഞങ്ങളുടെ അഭിപ്രായം കുരുമുളകിൻതോട്ടങ്ങളെസംബന്ധിച്ച് പരിധി ഏർപ്പെടുത്തരുത്, ഞങ്ങളുടെ അഭിപ്രായം കമുകിൻതോട്ടങ്ങളെ സംബന്ധിച്ച് പരിധി ഏർപ്പെടുത്തരുത്, അത് കേരളത്തിലെ സാമ്പത്തികസ്ഥിതിയെ ബാധിക്കും; മര്യാദപാട്ടത്തെസംബന്ധിച്ച് പറഞ്ഞിരിക്കുന്നത് തെറ്റാണ്, ഭരണഘടനാപരമായി തെറ്റാണ്. ഞങ്ങളും ഞങ്ങളുടെ അഭിപ്രായത്തിൽതന്നെ ഉറച്ചുനിൽക്കുന്നു, കേരളഗവൺമെന്റു നിങ്ങളുടെ അഭിപ്രായത്തിൽത്തന്നെ ഉറച്ചുനിൽക്കുന്നുവെങ്കിൽ ഞങ്ങളും നിയമം എതൃക്കുന്നില്ല. എന്നാൽ ഞങ്ങളുടെ അഭിപ്രായം എഴുതിയത് കേരളഗവൺമെന്റ് അംഗീകരിക്കുമെന്നു വിശ്വസിക്കുന്നു''. അതിനുശേഷം എത്രയോ ഭേദഗതികളും ശ്രീ. കെ. ടി. ജോർജ് അടക്കമുള്ള കമ്മിറ്റിയിൽ വന്നു. കമ്മിറ്റിയിൽ വരുന്നത് പുറത്തുപറയാൻ പാടില്ലാത്തതാണ്. പക്ഷേ അത് ഓരോരുത്തരും പറഞ്ഞു മിടുക്കൻമാരാകുകയും ബാക്കിയുള്ളവരെ മോശക്കാരാക്കുകയും ചെയ്യുന്നതു ഒരു രീതിയുണ്ട്—കള്ളൻ രക്ഷപ്പെടുന്ന ഇടപാട്—വച്ചുതാമസിപ്പിച്ചവർ മിടുക്കരാവുന്നു. കേന്ദ്രഗവൺമെന്റിന്റെ നിലപാട് എഴുതിവന്നത് സെലക്ടുകമ്മിറ്റിയിൽ വച്ചിട്ട് അതിന് എതിരായി ഒരക്ഷരം ഉരിയാടാതിരുന്നവർ താമസിച്ചു എന്ന് ഇന്നു പരാതിയുമായി നടക്കുന്നവർ ഒരു പ്രതിഷേധപ്രമേയംപോലും പാസാക്കാതെ മിടുക്കൻമാരായിരുന്നിട്ട് ഇപ്പോൾ താമസിപ്പിച്ചത് ഞാനും Marxist Party യുമാണെന്നു പറഞ്ഞു ആളാകാൻ നോക്കേണ്ട. കഴിഞ്ഞകാലത്തെ കഥയെപ്പറ്റി ഓർമ്മിപ്പിക്കുന്നത് നല്ലതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആ ബില്ലിൽതന്നെ ലോകാന്തരപര്യടനം നടത്തണമെന്ന് സിലക്ററുകമ്മിറ്റിക്കയച്ചപ്പോൾ ആവശ്യപ്പെട്ടത് ശ്രീ. കരുണാകരനാണ്, ഞാനല്ല. ആ വിധം ചെയ്തുകഴിഞ്ഞതിനുശേഷം കമ്മിറ്റിയുടെ പ്രവർത്തനത്തെസംബന്ധിച്ചുള്ള വിലയിരുത്തലും, കമ്മിറ്റിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് കുറെ പറച്ചിലും, കഴിഞ്ഞ ഗവൺമെന്റിനെ കുറെ പറയുകയും ചെയ്തു പിൻതുണ തെളിയിക്കുകയാണ്.

ശ്രീ. കെ. ടി. ജേക്കബ്: അതിനെക്കുറിച്ച് എല്ലാം അറിയാമെന്നുള്ളതുകൊണ്ട് ഞാൻ ചോദിക്കുകയാണ്, ഒരു നിയമം ഇവിടെ പാസാക്കുന്നതിനുമുമ്പു കേന്ദ്രഗവൺമെന്റിന്റെ അനുവാദം വാങ്ങിക്കണമെന്നുള്ളതിന് ഇവിടെ യാതൊരു റൂളും നിയമവും ഇല്ലെന്നറിയാമോ? അഭിപ്രായം ചോദിച്ച അവസരത്തിൽ കേന്ദ്രഗവൺമെന്റു അഭിപ്രായം പറഞ്ഞുവെന്നല്ലേയുള്ളൂ. ഇതിനുമുമ്പു ഇവിടെ ഉണ്ടായിട്ടില്ലാത്ത രീതിയിൽ ഈ നിയമം പാസാക്കി അയച്ചിട്ട് എത്രയും വേഗത്തിലല്ലേ കേന്ദ്രഗവൺമെന്റു അനുവാദം തന്നത്?

ശ്രീമതി കെ. ആർ. ഗൗരി: പഴയകഥകളും പറഞ്ഞിട്ട് എന്താണ് കാര്യം? ഇതിനുമുൻപ് കാർഷികപരിഷ്കരണങ്ങളും കേന്ദ്രഗവൺമെന്റിനയച്ച് അനുവാദംവാങ്ങിയാണ് അവതരിപ്പിച്ചിട്ടുള്ളത് ഇതും അയച്ചു കേന്ദ്രഗവൺമെന്റിന്റെ സർക്കുലറുമുണ്ട് അങ്ങനെ വേണമെന്ന്. കേന്ദ്രത്തിനയച്ച് അനുവാദം കിട്ടുന്നതിനുമുൻപ് സിലക്ററു കമ്മിറ്റിക്കയച്ചു. കാൺഗ്രസ് സഹകരിക്കാഞ്ഞിട്ടും കമ്മിറ്റി കൂടി. അതാണുണ്ടായത്

ശ്രീ. ഇ. അഹമ്മദ്: സർ, ഒരു പോയിൻറു ഓഫ് ഓർഡർ, ഇപ്പോൾ ചർച്ച നടത്തുന്ന ബില്ലിന്റെ പരിധിയിൽ പെടാത്ത മറൊരു ബില്ലിനെക്കുറിച്ച് ഇപ്പോൾ ചർച്ച നടത്തുന്നത് ശരിയാണോ ഓർഡറിലാണോ?

മി: സ്പീക്കർ: ഒരു കാര്യമുള്ളത് ശ്രീ. ജോർജ് ഈ ബില്ലിനെപ്പറ്റി സംസാരിച്ചപ്പോൾ ഒരു നിയമം നിയമമായി വരുന്ന ബുദ്ധിമുട്ടുകളെ സംബന്ധിച്ച് ചില കാര്യങ്ങളും പറഞ്ഞു. അതിനെപ്പറ്റി ബഹുമാനപ്പെട്ട മെമ്പർ മറുപടി പറയുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി: കുറെപേർ പറഞ്ഞു മിടുക്കൻമാരാകുകയും മറ്റുള്ളവർക്ക് അതിന് സൗകര്യമില്ലാതെ വരുന്നതും തെറ്റാണ്. ഞാൻ മുമ്പു പറഞ്ഞത് നിയമവും റൂളും ഒന്നും എഴുതിവച്ചിട്ടുള്ളതല്ല, പക്ഷെ അതിന് കേന്ദ്രഗവൺമെന്റിന്റെ ഒരു സർക്കുലർ ഉണ്ട്. ശ്രീ. ജോർജ്ജിന്റെ തന്നെ ഗവൺമെന്റു അയച്ച സർക്കുലർആണ്. ആ ഗവൺമെന്റു സകല സംസ്ഥാനങ്ങൾക്കും അതിനെപ്പറ്റി എഴുത്തുകളും എഴുതിയിട്ടുണ്ട്. ആ സർക്കുലർ ഇന്നും ഉണ്ട്. ഞങ്ങളും പോയപ്പോൾ എടുത്തുകൊണ്ടുപോയതൊന്നുമില്ല. നിങ്ങളും സപ്പോർട്ടുചെയ്യുന്ന ഗവൺമെന്റിന്റെ കൈയിൽ തന്നെയുണ്ട്. ഞാൻ അതിനെപ്പറ്റി കൂടുതലായിട്ടൊന്നുംതന്നെ പറയുന്നില്ല. കുറെക്കാർമിടുക്കരാവുന്നു.

ഈ നിയമത്തെസംബന്ധിച്ച് പറയുമ്പോൾ ഈ നിയമം പാസാക്കുകയെന്നുള്ളത് മറൊരാവശ്യമാണ്. ഇത് തുടർച്ചയായി 1957 മുതൽ അന്നത്തെ മന്ത്രിസഭയുടെ കാലംമുതൽ എക്സ്റ്റൻറു ചെയ്യാൻ തുടങ്ങിയതാണ്. അങ്ങിനെ എക്സ്റ്റൻറ് ചെയ്യാതിരിക്കാൻ നിവൃത്തിയുമില്ല. മറൊരുകാര്യം വനം എറെടുക്കാൻ നിയമം വളരെവേഗം പാസാക്കിയില്ലെങ്കിൽ ആറളംഫാമിന്റെ ഭൂമി അകപയർ ചെയ്യുന്നതിനുള്ള നടപടികളും നടക്കുന്നുണ്ട്. ലാൻഡ് അകപിസിഷൻ നിയമത്തിന്റെ ഏർപ്പാടാണ്

LIBRARY ARCHIVES Kerala Legislative Assembly

നടക്കുന്നത്. ആ ഭൂമികൂടി ആലോചിച്ചു വാങ്ങാൻ കാർഷികഡിപ്പാർട്ടുമെൻറ് ചില ആലോചനകളും നടത്തിയിരുന്നു. അത് കഴിഞ്ഞതിനുശേഷം ലാൻഡ് അക്വിസിഷൻ നിയമപ്രകാരം ഭൂമി അക്വയർ ചെയ്യുന്നതിനുള്ള നടപടികളും എടുക്കുകയാണ്. അതുപ്രകാരം ഭൂമി അക്വയർ ചെയ്യുകയാണെങ്കിൽ ഈ ഗവൺമെൻറുകൊടുക്കേണ്ടിവരുന്നത് വമ്പിച്ച തുകയാണ്. നിലമ്പൂരിൽ എത്രയോ ആയിരക്കണക്കിന് ഏക്കർ ഭൂമിയാണ് ഉള്ളത്. ഇത് വന്നില്ലെങ്കിൽ നാം വിചാരിക്കാതെ എത്രയോ കൂടുതൽ പണമാണ് സർക്കാർ ഖജനാവിൽനിന്നും പോകുന്നത്. സെലക്ട്കമ്മിറ്റി പറഞ്ഞിട്ടാണുയാത്രപോകുന്നത്. സെലക്ട്കമ്മിറ്റി ഇന്നയിടത്തുപോകണമെന്ന് പറയും. ഏതായാലും ഫോറസ്റ്റു അക്വിസിഷൻ നിയമം വളരെവേഗത്തിൽ പാസായില്ലെങ്കിൽ , ഫോറസ്റ്റു ഭൂമി ലൈസൻസും സർട്ടിഫിക്കറ്റും എടുത്തവർക്കാണ് കളക്ടർ കൊടുക്കുന്നതെന്നുപറഞ്ഞാലും നമ്മുടെ നാട്ടിൽ നല്ലതടികളും ഇല്ലാതിരിക്കുന്നതിനും അനാവശ്യമായി പണം കൊടുക്കണം. അങ്ങിനെ മറ്റു വിധത്തിലുള്ള ഫോറസ്റ്റായി കിട്ടാൻ പോകുകയാണ്. നമ്മുടെ പണം സേവ് ചെയ്യാൻ വേണ്ടിയെങ്കിലും നിയമം നാം പാസാക്കി എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി. രവീന്ദ്രൻ: സർ, ഞാൻ നേരത്തെ പറഞ്ഞതാണ് ഇപ്പോഴും സഭയുടെ പരിഗണനയിലിരിക്കുന്ന ബിൽ കഴിയുന്നതും വേഗം നിയമമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കാമെന്ന്. കഴിഞ്ഞ പ്രാവശ്യം സെലക്ട് കമ്മിറ്റി യോഗം കൂടിയപ്പോഴും അതിലെ ചില ബഹുമാനപ്പെട്ട അംഗങ്ങൾക്ക് നയപരമായ കാര്യങ്ങളെക്കുറിച്ചാലോചിക്കുന്നതിന് അൽപം സാവകാശം വേണമെന്നു പറയുകയുണ്ടായി. അതാരൊക്കെയാണെന്ന് ഞാൻ ഇപ്പോഴും ഇവിടെ പറയുന്നില്ല. കാരണം അത് സെലക്ട്കമ്മിറ്റിയിൽ നടന്ന ഒരു കാര്യമാണ്. സെലക്ട്കമ്മിറ്റിയുടെ അവസാനഘട്ടത്തിലേക്ക് കടക്കുന്നതിനു മുമ്പു നയപരമായ കാര്യങ്ങളെക്കുറിച്ച് ആലോചിക്കാൻ അൽപം സാവകാശം വേണമെന്ന് പറഞ്ഞപ്പോഴും കമ്മിറ്റിയുടെ യോഗം മാറ്റിവയ്ക്കുകയുണ്ടായി. കമ്മിറ്റിയുടെ യോഗം വീണ്ടും വിളിച്ചു കൂട്ടുകയും സെലക്ട്കമ്മിറ്റി റിപ്പോർട്ടു പൂർത്തിയാക്കുകയും ചെയ്യാം. അടുത്ത നിയമസഭാസമ്മേളനത്തിൽ തന്നെ ഈ ബിൽ പാസാക്കാൻ കഴിയും. അതല്ല ഈ സഭയിൽ തന്നെ നമുക്ക് സൗകര്യം ഉണ്ടെങ്കിൽ ഈ ബിൽ ഏറ്റവും വേഗം നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്. ശ്രീമതി കെ. ആർ. ഗൗരി പറഞ്ഞതുപോലെ ആറളം ഫാമിന് വേണ്ടിയുള്ള സ്ഥലം എടുക്കുന്ന പ്രവർത്തനം നടക്കുകയാണ്. ഇനിമേൽ ആ വിധത്തിലുള്ള ബുദ്ധിമുട്ടുണ്ടാകാതെ വളരെവേഗം ലാൻഡ് അക്വിസിഷൻ ബിൽ പാസാക്കി നിയമമാക്കാൻ കഴിയും. അതിനാവശ്യമായ നടപടികളെല്ലാം ഗവൺമെൻറു സ്വീകരിക്കുന്നതാണ്. ഈ ബിൽ പാസാക്കിതരണമെന്നുള്ള പ്രമേയം വീണ്ടും സഭയുടെ മുമ്പാകെ വയ്ക്കുകയാണ്.

The question that the Madras Preservation of Private Forests (Amendment) Bill, 1970 be finally passed was put and carried.

The Bill was passed.

Statement by the Minister for Education & Home

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ബഹുമാനപ്പെട്ട മത്തായിമാഞ്ഞൂരാൻറെ പേരിൽ അന്വേഷണം നടത്തണമെന്ന് ഈ സഭ തീരുമാനിച്ചുകൊണ്ടുള്ള ഒരു തീരുമാനം ഉണ്ടായിരുന്നു. അഴിമതിഅന്വേഷണനിയമപ്രകാരം ഏത് ഘട്ടത്തിലും ഗവൺമെൻറിന് അത് പിൻവലിക്കാവുന്നതാണ്. ഈ സഭ ഒരു തീരുമാനം എടുത്തസ്ഥിതിക്ക് ശ്രീ. മത്തായിമാഞ്ഞൂരാൻറെ പേരിലുള്ള

LIBRARY ARCHIVES Kerala Legislative Assembly